(സി&ഡി) വിജിലൻസ് കോടതികളിൽ ഓരോവർഷവും തീർപ്പാക്കാൻ കഴിയുന്ന കേസുകളുടെ എണ്ണം പരിമിതമാണെന്ന വസ്തുത കണക്കിലെടുത്തു കൊണ്ട് 2 പുതിയ വിജിലൻസ് കോടതികൾ കൂടി അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. വിജിലൻസ് കേസുകൾ മാത്രം കൈകാര്യം ചെയ്യാനായി ഹൈക്കോടതിയിൽ ഗവൺമെന്റ് പ്ലീഡർമാരെ നിയമിക്കുന്നത് സംബന്ധിച്ച വിഷയവും പരിഗണനയിലാണ്. കൂടാതെ ഹൈക്കോടതി മുൻപാകെ വരുന്ന വിജിലൻസുമായി ബന്ധപ്പെട്ട അപ്പീൽ കേസുകളിൽ താമസംവിനാ തീർപ്പുകൽപ്പിക്കുന്നതിനായി ഒരു പ്രത്യേക ബഞ്ച് രൂപീകരിക്കുന്നതിനുള്ള ചർച്ചകളും അഡ്വക്കേറ്റ് ജനറലുമായി നടത്തിവരുന്നു.

കടുവാ സങ്കേതങ്ങളുടെ വിവരാധിഷ്ഠിത സാങ്കേതിക വികസനം

14 (*734) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിയാർ, പറമ്പിക്കുളം കടുവാസങ്കേതങ്ങളുടെ വിവരാധിഷ്ഠിത സാങ്കേതിക വികസനത്തിനായി നൂതന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിക്ക് രൂപം നൽകിയതാരാണ് ; പദ്ധതി സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ; പദ്ധതിക്ക് എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു ;

(സി) ബഡ്ജറ്റിൽ നീക്കിവച്ച തുകയിൽ എത്ര ശതമാനം ഇതിനകം ചെലവഴിക്കുകയുണ്ടായി ;

(ഡി) പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; പദ്ധതിക്ക് കേന്ദ്രസഹായം ഉറപ്പാക്കിയിട്ടുണ്ടോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്. പെരിയാർ, പറമ്പിക്കുളം കടുവാ സങ്കേതങ്ങൾക്ക് അധിക സഹായം ഉറപ്പുവരുത്തുന്നതിനായി 10 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ ഒറ്റത്തവണ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. വിവരവിനിമയ സാങ്കേതിക വിദ്യയിലൂന്നിയ വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കും, ജി.ഐ.എസ്. ഡാറ്റാബേസ് വികസിപ്പിക്കുന്നതിനും, ആധുനിക ഇൻഫർമേഷൻ സെന്ററുകളും മറ്റ് അവശ്യ അടിസ്ഥാന സൗകര്യ വികസനവും ലക്ഷ്യമിടുന്നതാണ് നിർദ്ദിഷ്ട പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വനം വകുപ്പാണ് പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. പദ്ധതി 18-7-2014-ൽ നടക്കുന്ന സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. 10 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(സി) പദ്ധതിക്കായി ഇതുവരെ തുക ഒന്നുംതന്നെ ചെലവഴിച്ചിട്ടില്ല.

(ഡി) വിവര വിനിമയ സാങ്കേതിക വിദ്യയുടെയും, ജി.ഐ.എസ്. സാങ്കേതിക വിദ്യയുടെയും അടിസ്ഥാനത്തിൽ ടൈഗർ റിസർവ്വുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, വന്യജീവി നിരീക്ഷണവും ഗവേഷണവും, പരിസ്ഥിതി സൗഹാർദ്ദ വിനോദസഞ്ചാര വിപുലീകരണം, പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികളുടെ വിപുലീകരണം, നൂതന ഉപകരണങ്ങൾ ഉപയോഗിച്ച് ആശയ വിനിമയ സംവിധാനങ്ങളാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്.

ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിലേക്ക് പെരിയാർ, പറമ്പിക്കുളം എന്നീ ടൈഗർ റിസർവ്വുകളിലേക്ക് ഓരോന്നിനും 500 ലക്ഷം രൂപ വീതം ചെലവ് പ്രതീക്ഷിക്കുന്നു. കേന്ദ്ര സഹായം ഉറപ്പാക്കിയിട്ടുണ്ട്.

ലൈംഗികാതിക്രമ അന്വേഷണങ്ങളിലെ കാര്യക്ഷമത

15 (*735) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. റ്റി. എ. റഹീം :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവന്നുകൊണ്ടിരിക്കുന്നതായ ലൈംഗികാതിക്രമങ്ങളുമായി ബന്ധപ്പെട്ട പോലീസ് അന്വേഷണം നീതിപൂർവ്വവും സമയബന്ധിതവുമാക്കുന്നതിനു നടപടി സ്വീകരിക്കുമോ ;

(ബി) ജസ്റ്റിസ് വർമ്മ കമ്മിറ്റിയുടെ നിർദ്ദേശങ്ങളിലെ കാതലായ ഭാഗങ്ങൾ സ്വീകരിച്ചുകൊണ്ടുള്ള നിയമനിർമ്മാണത്തിന് തയ്യാറാകാതിരിക്കുന്നത് എന്തുകൊണ്ടാണ് ; വ്യക്തമാക്കാമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ലൈംഗികാതിക്രമങ്ങളുമായി ബന്ധപ്പെട്ട കേസുകളുടെ അന്വേഷണം നീതിപൂർവ്വവും സമയബന്ധിതവുമായാണ് നടത്തുന്നത്

(ബി) കേന്ദ്രസർക്കാരാണ് ജസ്റ്റിസ് വർമ്മ കമ്മീഷനെ നിയമിച്ചത്. ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന് പ്രത്യേക നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല. 2013-ലെ ക്രിമിനൽ നിയമഭേദഗതിയനുസരിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ ഇതിനകം സംസ്ഥാനത്ത് പുറപ്പെടുവിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly